©
Government of Kerala
കേരള സർക്കാർ
2010

Reg. No. രജി. നമ്പർ
KL/TV(N)/12/2009-2011

# KERALA GAZETTE
# കേരള ഗസററ്
## EXTRAORDINARY
## അസാധാരണം
## PUBLISHED BY AUTHORITY
## ആധികാരികമായി പ്രസിദ്ധപ്പെടുത്തുന്നത്

| | | | | |
|---|---|---|---|---|
| Vol. LV<br>വാല്യം 55 | Thiruvananthapuram, Friday<br>തിരുവനന്തപുരം, വെള്ളി | 17th September 2010<br>2010 സെപ്റ്റംബർ 17<br>26th Bhadra 1932<br>1932 ഭാദ്രം 26 | No.<br>നമ്പർ | 2131 |


## കേരള സർക്കാർ

### തൊഴിലും പുനരധിവാസവും (ഇ) വകുപ്പ്

### വിജ്ഞാപനം

ജി. ഒ. (എംഎസ്.) നമ്പർ 111/2010/തൊഴിൽ. *തിരുവനന്തപുരം, 2010 സെപ്റ്റംബർ 13.*

**എസ്. ആർ. ഒ. നമ്പർ 902/2010.**—1948-ലെ മിനിമം വേജസ് ആക്റ്റിലെ (1948-ലെ 11-ാം കേന്ദ്ര ആക്റ്റ്) 5-ാം വകുപ്പ് (2)-ാം ഉപവകുപ്പ് പ്രസ്തുത ആക്റ്റിലെ 3-ാം വകുപ്പ് (1)-ാം ഉപവകുപ്പ് (ബി) ഖണ്ഡവുമായി കൂട്ടിവായിച്ച പ്രകാരം സർക്കാരിൽ നിക്ഷിപ്തമായ അധികാരങ്ങൾ വിനിയോഗിച്ചുകൊണ്ടും 1999 നവംബർ 27-ാം തീയതിയിലെ 2174-ാം നമ്പർ കേരള അസാധാരണ ഗസറ്റിൽ എസ്. ആർ. ഒ. നമ്പർ 969/1999 ആയി പ്രസിദ്ധീകരിച്ച 1999 നവംബർ 25-ാം തീയതിയിലെ സ.ഉ. (ആർടി.) 3900/1999/തൊഴിൽ എന്ന നമ്പർ വിജ്ഞാപനത്തെ അതിലംഘിച്ചുകൊണ്ടും പ്രസ്തുത ആക്റ്റിലെ 5-ാം വകുപ്പ് (1)-ാം ഉപവകുപ്പ് (ബി) ഖണ്ഡപ്രകാരം 2009 ജൂൺ 12-ാം തീയതിയിലെ 1057-ാം നമ്പർ കേരള അസാധാരണ ഗസറ്റിൽ 2009 ജൂൺ 6-ാം തീയതിയിലെ 2316/ഇ1/2009/തൊഴിൽ നമ്പരായി പ്രസിദ്ധീകരിച്ച പ്രാഥമിക വിജ്ഞാപനത്തിൻ മേലുള്ള അഭിപ്രായങ്ങളും നിർദ്ദേശങ്ങളും, മിനിമം വേജസ് ആക്ടിലെ 7-ാം വകുപ്പ് പ്രകാരം രൂപീകരിക്കപ്പെട്ട മിനിമം വേതന ഉപദേശകസമിതിയുടെ ഉപദേശവും പരിഗണിച്ചശേഷം കേരള സംസ്ഥാനത്തെ കൈത്തറി വ്യവസായത്തിൽ

തൊഴിലെടുക്കുന്ന മാസ ശമ്പളക്കാരായ തൊഴിലാളികൾക്ക് നൽകേണ്ടതായ ഏറ്റവും കുറഞ്ഞ കൂലി നിരക്കുകൾ ഇതോടൊപ്പം ചേർത്തിരിക്കുന്ന പട്ടികയിൽ വിവരിക്കുന്ന പ്രകാരം കേരള സർക്കാർ ഇതിനാൽ പുതുക്കി നിശ്ചയിക്കുന്നു. പ്രസ്തുത നിരക്കുകൾ 2009 ഡിസംബർ 16 മുതൽ പ്രാബല്യത്തിൽ വന്നതായി കരുതപ്പെടേണ്ടതാണ്.

## പട്ടിക

| *തൊഴിലാളി വിഭാഗം* | *അടിസ്ഥാന ശമ്പളം (രൂപ)* |
|---|---|
| *വിഭാഗം—I* | |
| 1. മാനേജർ<br>2. സെക്രട്ടറി | 3850 |
| *വിഭാഗം—II* | |
| 1. അക്കൗണ്ടന്റ്<br>2. വീവിംഗ് മാസ്റ്റർ<br>3. ഡൈയിംഗ് മാസ്റ്റർ | 3790 |
| *വിഭാഗം—III* | |
| 1. വീവിംഗ് സൂപ്പർവൈസർ/മേസ്ട്രി<br>2. ഡൈയിംഗ് സൂപ്പർവൈസർ | 3725 |
| *വിഭാഗം—III A* | |
| 1. ക്ലാർക്ക്/മെമ്മോ ക്ലാർക്ക്/ബ്രാഞ്ച് ക്ലാർക്ക്<br>2. കാഷ്യർ<br>3. ഡിപ്പോ മാനേജർ/ഗോഡൗൺ മാനേജർ<br>4. ജോബ്ബർ<br>5. ടൈപ്പിസ്റ്റ്<br>6. സ്റ്റോർ കീപ്പർ<br>7. ടൈം കീപ്പർ<br>8. ഡ്രൈവർ | 3710 |
| *വിഭാഗം—IV* | |
| 1. അസിസ്റ്റന്റ് മേസ്ട്രി<br>2. അസിസ്റ്റന്റ് ഡൈയിംഗ് സൂപ്പർവൈസർ<br>3. വീവിംഗ് അസിസ്റ്റന്റ്<br>4. ഡൈയിംഗ് അസിസ്റ്റന്റ്<br>5. സെയിൽസ്മാൻ<br>6. അസിസ്റ്റന്റ് ജോബ്ബർ<br>7. പായ്ക്കർ | 3560 |
| *വിഭാഗം—V* | |
| 1. പ്യൂൺ<br>2. വാച്ച്മാൻ<br>3. ഹെൽപ്പർ | 3070 |

2. ക്ഷാമബത്ത.— അടിസ്ഥാന വേതനത്തിന് പുറമേ ഓരോ മാസത്തേക്കും ഏറ്റവും പുതിയതും ലഭ്യവുമായ ഉപഭോക്തൃ വിലസൂചിക നമ്പറുകളുടെ അടിസ്ഥാനത്തിൽ കേരള സർക്കാരിന്റ ഇക്കണോമിക്സ് ആന്റ് സ്റ്റാറ്റിസ്റ്റിക്സ് വകുപ്പ് ബന്ധപ്പെട്ട ജില്ലാ ആസ്ഥാനങ്ങൾക്കുവേണ്ടി പ്രസിദ്ധീകരിക്കുന്ന പുതിയ പരമ്പരയിൽ, അതായത് 1998-99=100 എന്ന ഉപഭോക്തൃ വിലസൂചികയിൽ നൂറ്റി ഇരുപതിന് മുകളിലുള്ള ഓരോ പോയിന്റിനും 21 രൂപ 50 പൈസ (രൂപ 21.50) നിരക്കിൽ കണക്കാക്കിയുള്ള ക്ഷാമബത്തയ്ക്കും ജീവനക്കാർക്ക് അർഹത ഉണ്ടായിരിക്കുന്നതാണ്.

വയനാട്, ഇടുക്കി ജില്ലകൾക്കുവേണ്ടി യഥാക്രമം മേപ്പാടി, മൂന്നാർ കേന്ദ്രങ്ങൾക്കുവേണ്ടി പ്രസിദ്ധീകരിക്കുന്ന ഉപഭോക്തൃ വിലസൂചികയുടെ അടിസ്ഥാനത്തിൽ ക്ഷാമബത്ത നൽകേണ്ടതാണ്.

3. സർവ്വീസ് വെയിറ്റേജ്.—ഈ വിജ്ഞാപനം പ്രാബല്യത്തിൽ വരുന്ന തീയതിയിൽ ഒരു സ്ഥാപനത്തിലോ ഒരു തൊഴിലുടമയുടെ കീഴിലോ നാല് വർഷമോ അതിലധികമോ സേവനം പൂർത്തിയാക്കിയിട്ടുള്ള മാസശമ്പളക്കാരായ തൊഴിലാളികൾക്ക്, പൂർത്തിയാക്കിയ ഓരോ വർഷത്തെ സേവന കാലയളവിനും പുതുക്കിയ അടിസ്ഥാന വേതനത്തിന്റെ അരശതമാനം എന്ന നിരക്കിൽ പരമാവധി 10 (പത്ത്) ശതമാനം തുക സർവ്വീസ് വെയിറ്റേജ് അവരുടെ അടിസ്ഥാന വേതനത്തിൽ ഉൾപ്പെടുത്തി അനുവദിക്കേണ്ടതാണ്.

4. ഈ വിജ്ഞാപനത്തിൻകീഴിൽ മാസവേതന വിഭാഗക്കാരുടെ ദിവസവേതനം കണക്കാക്കുന്നതിന് മാസവേതനത്തെ ഇരുപത്തിയാറുകൊണ്ട് ഭാഗിക്കേണ്ടതാണ്.

മുകളിൽ നിശ്ചയിച്ച വേതനത്തേക്കാൾ ഉയർന്ന വേതനം ലഭിക്കുന്ന തൊഴിലാളികൾക്ക്, തുടർന്നും അങ്ങനെയുള്ള ഉയർന്ന നിരക്കിൽ വേതനം നൽകേണ്ടതാണ്.

ഗവർണ്ണറുടെ ഉത്തരവിൻപ്രകാരം,

കെ. ബി. വൽസലകുമാരി,

*ഗവൺമെന്റ് സെക്രട്ടറി.*

## വിശദീകരണക്കുറിപ്പ്

(ഇത് വിജ്ഞാപനത്തിന്റെ ഭാഗമാകുന്നതല്ല. എന്നാൽ അതിന്റെ പൊതു ഉദ്ദേശ്യം വെളിപ്പെടുത്തുന്നതിന് ഉദ്ദേശിച്ചുകൊണ്ടുള്ളതാകുന്നു.)

കേരള സംസ്ഥാനത്തെ കൈത്തറി വ്യവസായത്തിലെ മാസശമ്പളക്കാരായ ജീവനക്കാരുടെ കുറഞ്ഞ കൂലി നിരക്കുകൾ 1999 നവംബർ 25-ാം തീയതിയിലെ ജി. ഒ. (ആർടി.) 3900/1999/തൊഴിൽ എന്ന നമ്പർ വിജ്ഞാപനപ്രകാരം പുതുക്കി നിശ്ചയിച്ചിരുന്നു. ഇക്കാര്യത്തിനായി നിശ്ചയിച്ച മിനിമം വേതന കമ്മിറ്റിയുടെ ശുപാർശയും പ്രാഥമിക വിജ്ഞാപനത്തിൻമേൽ ലഭിച്ച ആക്ഷേപങ്ങളും നിർദ്ദേശങ്ങളും പരിഗണിച്ചുകൊണ്ടും മിനിമം വേതന ഉപദേശക സമിതിയുടെ ഉപദേശവും പരിഗണിച്ചശേഷവും കേരള സർക്കാർ, പ്രസ്തുത മേഖലയിലെ മാസവേതനക്കാരുടെ നിലവിലുള്ള കുറഞ്ഞ കൂലി നിരക്കുകൾ വീണ്ടും പുതുക്കി നിശ്ചയിക്കുന്നതിന് ഇപ്പോൾ തീരുമാനിച്ചിരിക്കുന്നു.

മേൽപ്പറഞ്ഞ ലക്ഷ്യം നിറവേറ്റുന്നതിന് ഉദ്ദേശിച്ചുകൊണ്ടുള്ളതാണ് ഈ വിജ്ഞാപനം.